കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിലെ തസ്തികകൾ നികത്താൻ നടപടി

179 (4465) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ ഏതെല്ലാം തസ്തികകൾ എത്ര നാളായി ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താനാകാത്തത് എന്താണെന്നും എപ്പോൾ നികത്താൻകഴിയുമെന്നും അറിയിക്കാമോ;

(സി) ഭൂജല വകുപ്പ്, കാസർഗോഡ് ജില്ലാ ഓഫീസിൽ വാഹനം വാങ്ങുന്നതിനുള്ള അനുമതിക്കായി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂജല അതോറിറ്റിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജില്ലാ ഓഫീസിന് വാഹനം വാങ്ങാൻ ഉടനെ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും അവ ഒഴിഞ്ഞുകിടക്കുന്ന കാലയളവും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	എണ്ണം	കാലയളവ്
1	സർവ്വേയർ	1	9-2-2010 മുതൽ
2	അസിസ്റ്റന്റ് എഞ്ചിനീയർ	1	27-4-2013 മുതൽ
3	ഹൈഡ്രോ ജിയോളജിസ്റ്റ്	1	6-8-2012 മുതൽ
4	ജൂനിയർ ജിയോഫിസിസ്റ്റ്	1	30-11-2013 മുതൽ
5	ഡ്രില്ലിംഗ് അസിസ്റ്റൻറ്	1	28-11-2013 മുതൽ

(ബി) സർവ്വേയർ, ജൂനിയർ ജിയോഫിസിസ്റ്റ്, ഡ്രില്ലിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം വകുപ്പിന്റെ സ്പെഷ്യൽ റൂളിന് വിധേയമാകയാൽ ഓഫീസർമാർ പ്രസ്തുത കാറ്റഗറിയിലെ നിയമനത്തിനായുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചിത യോഗ്യത നേടാനുള്ളതിനാലാണ് കാലതമാസം വരുന്നത്. എന്നാൽ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിലേയ്ക്ക് ഡി.പി.സി. മീറ്റിംഗ് കഴിഞ്ഞ് സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) കാസർഗോഡ് ജില്ലാ ഓഫീസിലേയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭൂജല വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക

180 (T*4466) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂജലവകുപ്പിന്റെ മറ്റു ഓഫീസുകളിൽനിന്ന് അധികമായി വരുന്ന ഒരു ലാസ്റ്റ് ഗ്രേഡ് തസ്തിക കാസർഗോഡ് ജില്ലയ്ക്ക് അനുവദിക്കാമോ ;

(ബി) ഭൂജല വകുപ്പ് കാസർഗോഡ് ഓഫീസിലേക്ക് പുതിയ യാത്രാവാഹനം വാങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക അനുവദിച്ചിട്ടില്ല. ഭൂജല വകുപ്പിന്റെ മറ്റ് ഓഫീസുകളിൽനിന്ന് അധികമായി വരുന്ന ഒരു ലാസ്റ്റ് ഗ്രേഡ് തസ്തിക കാസർഗോഡ് ജില്ലയ്ക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാസർഗോഡ് ജില്ലാ ഓഫീസിലേയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭൂഗർഭ ജലചൂഷണം തടയാൻ നടപടികൾ

181 (4467) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly